കില
വാർത്താപത്രിക

VOLUME-12
ISSUE-6
JUNE 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് യു.എൻ.ഇ.പി പ്രതിനിധികൾ കില ഡയറക്ടർ ഡോ. ജോയ് ഇളമണുമായി ചർച്ച നടത്തുന്നു

പ്രകൃതിദുരന്തങ്ങളെ നേരിടാൻ തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കും

പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലനപരിപാടിക്കു യു.എൻ.ഇ.പി. (യുണൈറ്റഡ് നേഷൻസ് എൻവയൻമെന്റൽ പ്രോഗ്രാം)യും കിലയും ചേർന്നു രൂപം നൽകി. പ്രളയത്തിന്റെയും വരൾച്ചയുടേയും സാഹചര്യത്തിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ഫലപ്രദമാക്കാനും പരിസ്ഥിതി സൗഹൃദമാക്കാനും കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ് പരിശീലന പരിപാടികൊണ്ടു ഉദ്ദേശിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി എന്നിവ ഉപയോഗപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ ദുരന്ത സാദ്ധ്യതകളുടെ ലഘൂകരണ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം ഗ്രാമ-നഗരസർക്കാരുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പകർന്നു നൽകാൻ കഴിയുന്ന തരത്തിലുള്ള പരിശീലനപരിപാടിയാണ് വിഭാവനം ചെയ്യുന്നത്.

പുഴയോരങ്ങളുടേയും കണ്ടൽ കാടുകളുടേയും സംരക്ഷണം, പുനരുജ്ജീവനം, മണ്ണ്-ജല സംരക്ഷണം, പേക്ഷിക്കപ്പെട്ട ക്വാറികൾ പരിസ്ഥിതി സൗഹൃദമാക്കൽ, തീരദേശസംരക്ഷണം, തുടങ്ങിയ മേഖലകളിലെ ഇടപെടൽ സാദ്ധ്യതകളെക്കുറിച്ച് ദേശീയ-അന്തർദേശീയ വിദഗ്ദ്ധരുടെ അറിവും സാങ്കേതികജ്ഞാനവും പ്രാദേശിക സർക്കാരുകൾക്കു ലഭ്യമാക്കാൻ ഈ പരിശീലനം വഴി

പുഴയോരങ്ങളുടേയും കണ്ടൽ കാടുകളുടേയും സംരക്ഷണം, പുനരുജ്ജീവനം, മണ്ണ്-ജല സംരക്ഷണം, ഉപേക്ഷിക്കപ്പെട്ട ക്വാറികൾ പരിസ്ഥിതി സൗഹൃദമാക്കൽ, തീരദേശസംരക്ഷണം, തുടങ്ങിയ മേഖലകളിലെ ഇടപെടൽ സാദ്ധ്യതകളെക്കുറിച്ച് ദേശീയ-അന്തർദേശീയ വിദഗ്ദ്ധരുടെ അറിവും സാങ്കേതികജ്ഞാനവും പ്രാദേശികസർക്കാരുകൾക്കു ലഭ്യമാക്കാൻ ഈ പരിശീലനം വഴിതെളിയിക്കും.

തെളിയിക്കും. അതുപ്രകാരം ദുരന്തത്തിനുള്ള സാദ്ധ്യതകളെ ശാസ്ത്രീയമായും സ്ഥായിയായും പരിഹരിക്കുന്നതിനുള്ള ക്രിയാത്മക കർമ്മപരിപാടികൾക്കു രൂപംനൽകാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കഴിയും. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടന്ന ചർച്ചയിൽ യു.എൻ.ഇ.പിയിലെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ സീനിയർ അഡ്വൈസർ ഡോ.കരിൻ സു ഡമീർ, സീനിയർ പ്രോജക്ട് എഞ്ചിനിയർ രവിശങ്കർ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഫാക്കൽറ്റികളായ സി. വിനോദ്കുമാർ, എം.രേണുകുമാർ എന്നിവർ പങ്കെടുത്തു.

കെട്ടിടനിർമ്മാണാനുമതി: അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു മാർഗ്ഗരേഖ പുറപ്പെടുവിച്ചു. കെട്ടിടനിർമ്മാണചട്ടങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ടു നിർമ്മിക്കുന്ന എല്ലാ നിർമ്മാണങ്ങളും കർശനമായി നിരോധിക്കേണ്ടതാണ്. റോഡിനോടു ചേർന്നുനിൽക്കുന്ന ഭൂമിയിൽ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 (ബി)വകുപ്പ് പ്രകാരമുള്ള ദൂരപരിധി കർശനമായും പാലിക്കേണ്ടതാണ്. ആയതിനു വ്യവസ്ഥപ്രകാരം അകലം പാലിക്കേണ്ട റോഡുകൾ പഞ്ചായത്തുകൾ വിജ്ഞാപനം ചെയ്യണം. നിർമ്മാണ അനുമതിക്കായി കെട്ടിടനിർമ്മാണ അപേക്ഷകളിൽ 10.7.2019 നു മുമ്പ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം അതതു ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പുവരുത്തണം. സമയപരിധിക്കുള്ളിൽ നിർമ്മാണാനുമതി ലഭിക്കാത്തവരുടെ പരാതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തലവനായും എഞ്ചിനിയർ കൺവീനറും വൈസ് പ്രസിഡന്റ്, വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർ അംഗങ്ങളുമായ സമിതി എല്ലാ മാസവും യോഗം ചേർന്ന് പരിശോധന നടത്തി ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്കു ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാത്ത കേസുകളിൽ നിജസ്ഥിതി മനസ്സിലാക്കി ഉചിത നടപടി സ്വീകരിക്കുന്നതിനായി ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അദാലത്ത് നടത്തേണ്ടതാണ്. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, എഞ്ചിനിയർ, ജില്ലാടൗൺ പ്ലാനർ എന്നിവരുടെ സാന്നിദ്ധ്യം ഈ അദാലത്തിൽ ഉറപ്പുവരുത്തണം. ഇക്കാര്യങ്ങളെല്ലാം വിശദമാക്കിക്കൊണ്ടുള്ള മാർഗ്ഗരേഖ പഞ്ചായത്ത് ഡയറക്ടറുടെ 24.6.2019 ലെ സി.6-12891/2018 നമ്പർ സർക്കുലർ പ്രകാരം പുറത്തിറക്കിയിട്ടുണ്ട്.

വിനോദനികുതി പിരിക്കാം

ചരക്കുസേവന നികുതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈടാക്കി വന്ന വിനോദനികുതി 2017 ജൂലൈ ഒന്നുമുതൽ ഒഴിവാക്കിയിരുന്നതാണ്. എന്നാൽ സിനിമാടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറച്ച സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വരുമാന നഷ്ടം കുറയ്ക്കുന്നതിനു 10.6.2019 മുതൽ സിനിമാടിക്കറ്റിന്മേൽ 10 ശതമാനം വിനോദനികുതി പിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സ.ഉ.(കൈ) 63/2019/തസ്വഭവ,10.6.19-ാം നമ്പറായി ഉത്തരവായിട്ടുണ്ട്.

പദ്ധതിവിഹിതത്തിൽ 20% തുക ലൈഫ് ഭവനനിർമ്മാണത്തിന്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതു വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വകയിരുത്തണം. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 20% തുകയും ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണത്തിനു ആനുപാതികമായി ഗ്രാമപഞ്ചായത്തുകൾക്കു നൽകേണ്ടതാണ്. സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിനു 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിനു പരമാവധി രണ്ടു ലക്ഷം രൂപ നൽകാനും ടി തുകയിൽനിന്ന് വിനിയോഗിക്കാവുന്നതാണ്. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം 6.6.2019 ലെ ഡി.ബി.1/167/2019 നമ്പറായി തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

മുതിർന്ന പൗരന്മാർക്കു പ്രത്യേക പരിഗണന

സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ എത്തുന്ന മുതിർന്ന പൗരന്മാർക്കു പ്രത്യേക പരിഗണന നൽകണമെന്നു കാണിച്ച് സാമൂഹ്യനീതി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. സർക്കാർ ഓഫീസുകളിൽ നികുതിബിൽ കൗണ്ടറുകളിൽ, പൊതുജനങ്ങൾ ഇടപെടുന്ന സ്ഥലങ്ങളിൽ എല്ലാം മുതിർന്ന പൗരന്മാർ, ഗുരുതരമായി രോഗംബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവർക്കു ക്യൂ നിൽക്കാതെ മുൻഗണനയിൽ സേവനം നൽകണം. സാമൂഹ്യനീതി വകുപ്പിന്റെ 6.6.2019 ലെ സി2/155/2019 നമ്പർ സർക്കുലർ പ്രകാരമാണ് ഇക്കാര്യം നിഷ്ക്കർഷിച്ചിട്ടുള്ളത്.

നദീതീരങ്ങളിൽ വീണുകിടക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യണം

കഴിഞ്ഞ പ്രളയാനന്തരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള നദീതീരങ്ങളിൽ ധാരാളം വൃക്ഷങ്ങൾ കടപുഴകിയും ഒടിഞ്ഞും വീണുകിടക്കുന്നുണ്ട്. അതു സ്വഭാവിക നീരൊഴുക്കിനെ തടയുന്നു. ചെക്ക് ഡാമുകളിലും മറ്റും തടസ്സങ്ങൾ ഉണ്ടാക്കുന്നു. ആയതിനാൽ മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി നദീതീരങ്ങളിൽ വൃക്ഷങ്ങൾ വീണുകിടക്കുന്നുണ്ടെങ്കിൽ അതു നീക്കാനുള്ള നടപടികൾ സെക്രട്ടറിമാർ അടിയന്തിരമായി ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 25.5.19 ലെ 193/സി.സി1/19 തസ്വഭവ. നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

സാമൂഹ്യസുരക്ഷാപെൻഷൻ: ആധാർ കാർഡില്ലെങ്കിൽ റേഷൻകാർഡ് വിവരം രേഖപ്പെടുത്തണം

സാമൂഹ്യസുരക്ഷാപെൻഷൻ ലഭിക്കുന്നവരിൽ 90,000 ലധികം ഗുണഭോക്താക്കൾ ആധാർ വിവരങ്ങൾ ചേർത്തിട്ടില്ല. ആധാർ എടുക്കാത്തവരാണെന്ന കാരണത്താൽ ഇവർക്കു പ്രത്യേക ഇളവു നൽകിയിരുന്നു. ഇത്തരത്തിൽ ഇളവു ലഭിച്ചവർ ആധാർ എടുക്കേണ്ടതും ആയതു സേവനയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇനിയും ആധാർ കാർഡ് ഇല്ലാത്തവർ ഉണ്ടെങ്കിൽ അവരുടെ റേഷൻ കാർഡിന്റെ വിവരങ്ങൾ സേവനയിൽ ചേർക്കണം. ഒന്നിലധികം പ്രാദേശിക സർക്കാരിൽനിന്നു പെൻഷൻ കൈപ്പറ്റുന്നില്ല എന്നു ഉറപ്പുവരുത്തുന്നതിനാണ്. ഇതു സംബന്ധിച്ച് സർക്കാർ ധനവകുപ്പ60/2019/ധന 12.6.2019 നമ്പറായി നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീക്കായി നീക്കിവയ്ക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കിലയിൽ സംഘടിപ്പിച്ച പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണ ശില്പശാല

കുടുംബശ്രീയുടെ പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണത്തിനു ശില്പശാല

കുടുംബശ്രീക്കായി നീക്കിവയ്ക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. കുടുംബശ്രീയുടെ പദ്ധതി രൂപീകരണ പ്രക്രിയ അയൽകൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ പങ്കാളിത്ത സ്വഭാവത്തിലാക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം.

സംസ്ഥാനത്തുള്ള 2.88 ലക്ഷം അയൽക്കൂട്ട പ്ലാനുകളെ എ.ഡി.എസ് പ്ലാനുകളായും എ.ഡി.എസ്. പ്ലാനുകളെ സി.ഡി.എസ് പ്ലാനുകളായും സി.ഡി.എസ് പ്ലാനുകളെ ബ്ലോക്ക് പ്ലാനുകളായും ബ്ലോക്ക് പ്ലാനുകളെ ജില്ലാപ്ലാനുകളായും ജില്ലാ പ്ലാനുകളെ സംസ്ഥാന പ്ലാനിലേക്കും ഉൾച്ചേർക്കും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേ നേതൃത്വത്തിലാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ മുന്നേറ്റങ്ങൾ സൃഷ്ടിച്ചത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മുഖ്യ ചുമതലയാണ് ദാരിദ്ര്യനിർമ്മാർജനം. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീയും യോജിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യവുമാണ്. അഗതിരഹിത കേരളം, ബഡ്സ് സ്ഥാപനങ്ങൾ, ഉപജീവനപ്രവർത്തനങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം നടപ്പാക്കുന്നതിനു കുടുംബശ്രീയുമായി സഹകരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കാറുണ്ട്. 14.5.2007 ലെ ഉത്തരവു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീയുമായി സഹകരിച്ച് ദാരിദ്ര്യനിർമ്മാർജന ഉപപദ്ധതി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ തയ്യാറാക്കി നിർവഹണം നടത്തണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

അയൽക്കൂട്ട തല സൂക്ഷ്മപ്ലാനുകൾ സാമൂഹ്യവികസന പ്ലാൻ, അടിസ്ഥാനവികസന പ്ലാൻ, ജെൻഡർ പ്ലാൻ, സാമൂഹ്യ ഉൾച്ചേർക്കൽ പ്ലാൻ, മൈക്രോ ക്രെഡിറ്റ് പ്ലാൻ, വിഭവമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ തുടങ്ങിയവയാണ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ. ഇതിനായി കിലയുമായി സഹകരിച്ച് കൃത്യവും ലളിതവുമായ നടപടിക്രമങ്ങൾ തയ്യാറാക്കും. സർക്കാർ തലത്തിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ജനപ്രതനിധികൾ, ഉദ്യോഗസ്ഥർ, സി.ഡി.എസ് ഭാരവാഹികൾ എന്നിവർക്കു കാര്യശേഷി വികസന പരിശീലനവും സംഘടിപ്പിക്കും. ജനകീയാസൂത്രണ ജില്ല ഫെലിസിറ്റേറ്റർമാർ, കുടുംബശ്രീ മിഷൻ ഭാരവാഹികൾ തുടങ്ങിയവരാണ് സംസ്ഥാനതല ശില്പശാലയിൽ പങ്കെടുത്തത്. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി.

നേപ്പാളിലെ കാട്മണ്ഡുവിൽ ജൂൺ 20 നു സംഘടിപ്പിച്ച പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വികസനം സംബന്ധിച്ച അന്തർദ്ദേശീയ സമ്മേളനത്തിൽ കിലയുടെ കാര്യശേഷി വികസന പരിപാടിയെക്കുറിച്ച് കില അസോസിയേറ്റ് പ്രൊഫ. ഡോ. ജെ.ബി.രാജൻ സംസാരിക്കുന്നു. നേപ്പാളിലെ പ്രാദേശിക വികസന പരിശീലന അക്കാദമിയാണ് സമ്മേളനം സംഘടിപ്പിച്ചത്. ഇന്ത്യയ്ക്കു പുറമെ ജപ്പാൻ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ പ്രതിനിധികളുൾപ്പെടെ 100 ൽ പരം പേർ സമ്മേളനത്തിൽ പങ്കെടുത്തു. നേപ്പാൾ പൊതുഭരണ-ഫെഡറൽ വകുപ്പു മന്ത്രി ലാൽ ബാബു പണ്ഡിറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ദേശീയ ജലസംഗമത്തിനു ഉജ്വല തുടക്കം

കേരളത്തിന്റെ പച്ചപ്പും തെളിനീരും തിരികെ കൊണ്ടുവരാനായി ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ ജലസംഗമത്തിനു ഉജ്വല തുടക്കം. മുഖ്യമന്ത്രി പിണറായി വിജയനാണ് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ ജലസംഗമം ഉദ്ഘാടനം ചെയ്തത്. മന്ത്രി കെ.കൃഷ്ണൻ കുട്ടി അദ്ധ്യക്ഷനായിരുന്നു. ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ ചേർത്തൊരുക്കിയ പുസ്തകം-തെളിനീരിന്റെ വിജയഗാഥ-മന്ത്രി എ.സി.മൊയ്തീൻ പ്രകാശനം ചെയ്തു. ജെയിംസ് മാത്യു എം.എൽ.എ പുസ്തകം ഏറ്റുവാങ്ങി. ഹരിതകേരളം മിഷൻ പുറത്തിറക്കിയ മൊബൈൽ ആപ്പ് (ഹരിതദൃഷ്ടി) മന്ത്രി വി.എസ്.സുനിൽകുമാർ പ്രകാശനം ചെയ്തു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മേയർ വി.കെ.പ്രശാന്ത് എം.എൽ.എ മാരായ പുരുഷൻ കടലുണ്ടി, ഐ.ബി. സതീഷ്, മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് തോട്ടത്തിൽ രവീന്ദ്രൻ, മുനിസിപ്പൽ ചെയർമാൻസ് ചെമ്പർ ചെയർമാൻ വി.വി.രമേശൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ.സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ.തുളസീഭായ്, നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ഹരിത കേരളം മിഷൻ കൺസൽട്ടന്റ് എബ്രഹാം കോശി, തുടങ്ങിയവർ പങ്കെടുത്തു. ഡോ.ടി.എൻ. സീമ സ്വാഗതമാശംസിച്ചു. പ്ലീനറി സെഷൻ മന്ത്രി ഡോ. തോമസ് ഐസക്കാണ് ഉദ്ഘാടനം ചെയ്തത്. ഫോട്ടോഗ്രാഫി അവാർഡും വിതരണം ചെയ്തു. നദീപുനരുജ്ജീവനം, പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷയും, നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്നീ വിഷയങ്ങളിൽ സമാന്തര സെഷനുകളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിംഗും ഭാവി പ്രവർത്തനങ്ങൾക്കുള്ള വിദഗ്ദ്ധനിർദ്ദേശങ്ങളും തുടർന്ന് ക്രോഡീകരണവും നടന്നു.

വെള്ളത്തിന്റെ വില തിരിച്ചറിയാനും അതു സംരക്ഷിക്കാനും ഗൗരവമായ ശ്രമം വേണമെന്നു ഉദ്ഘാടനപ്രസംഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജലസംരക്ഷണം സാധ്യമാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ കൃഷിയിൽ അദ്ഭുതകരമായ മാറ്റമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രളയം ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും കൃഷി തിരിച്ചുപിടിച്ച് കാർഷിക മേഖലയിൽ സ്വയംപര്യാപ്തയാണ് ലക്ഷ്യം. നമ്മൾ തുനിഞ്ഞിറങ്ങിയാൽ കാർഷികാഭിവൃദ്ധി സാധ്യമാകും. ജലസംരക്ഷത്തിന്റെ കാര്യത്തിൽ നല്ല ഇടപെടൽ നടത്താൻ നമുക്കായി. ചെറുതും വലുതുമായ പ്രവർത്തനങ്ങൾക്കു ഇപ്പോൾ തന്നെ മികച്ച ഫലമുണ്ടായിട്ടുണ്ട്. രാജ്യവും ലോകവും ഇതു ശ്രദ്ധിക്കുന്നുണ്ട്. വെള്ളം ശുദ്ധമാക്കുന്നതിനു മാലിന്യസംസ്കരണം അവിഭാജ്യഘടകമാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കിലയിലെത്തിയ കസാഖിസ്ഥാൻ പ്രതിനിധികളുമായി
കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആശയവിനിമയം നടത്തുന്നു

കസാഖിസ്ഥാൻ ഉദ്യോഗസ്ഥസംഘം കിലയിൽ

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ചും ശിശുസൗഹൃദ പ്രാദേശികഭരണത്തെക്കുറിച്ചും പഠിക്കുന്നതിനായി കസാഖിസ്ഥാനിൽനിന്നുള്ള അഞ്ചംഗ ഉദ്യോഗസ്ഥ സംഘവും യുണിസെഫ് പ്രതിനിധികളും കിലയിലെത്തി. കാര്യശേഷി വികസനം, കുട്ടികളുടേയും സ്ത്രീകളുടേയു സുരക്ഷയ്ക്കായുള്ള ജാഗ്രതാസമിതികൾ, കുട്ടികളുടെ ബാലസഭ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചറിയാനും സംഘാംഗങ്ങൾ താൽപര്യം പ്രകടിപ്പിച്ചു. കസാഖിസ്ഥാൻ സർക്കാരിന്റെ പ്രാദേശികഭരണവിഭാഗം മേധാവി, ഗവേഷണവിഭാഗം കൺസൽട്ടന്റ്, ശിശു അവകാശസംരക്ഷണസമിതിയുടെ മുഖ്യവിദഗ്ദ്ധൻ, സുസ്ഥിരവികസനലക്ഷ്യം വിഭാഗം വിദഗ്ദ്ധൻ, സ്റ്റാറ്റസ്റ്റിക്സ് വിഭാഗം മേധാവി എന്നിവർക്കു പുറമെ യൂണിസെഫിന്റെ പ്രോഗ്രാം ഓഫീസറും ഇന്റർ നാഷ്ണൽ കൺസൽട്ടന്റും സംഘത്തോടൊപ്പമുണ്ടായിരുന്നു. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ എന്നിവർ ചേർന്നു സ്വീകരിച്ചു. വരവൂർ, അളഗപ്പനഗർ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച സംഘം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സി. വിജയലക്ഷ്മി, രാജേശ്വരി എന്നിവരുമായി ചർച്ച നടത്തി. പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചാണ് വരവൂർ പഞ്ചായത്ത് പ്രതിനിധികളുമായി ചർച്ച നടത്തിയത്. വരവൂർ സ്കൂൾ സന്ദർശിച്ച സംഘം അധ്യാപകരും വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി. അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതി അംഗങ്ങളുമായും ബാലസഭ മെമ്പർമാരുമായും സംഘാംഗങ്ങൾ ചർച്ച നടത്തി.

പച്ചത്തുരുത്ത് വനവൽക്കരണത്തിന്റെ നൂതന ആശയം: പരിശീലനം തുടങ്ങി

പരിപാലനത്തിന്റെ അഭാവംമൂലമാണ് നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ നശിക്കുന്നതെന്ന് ജില്ല കലക്ടർ ടി.വി.അനുപമ. ഹരിതകേരളം മിഷനും കിലയും സംയുക്തമായി സംഘടിപ്പിച്ച പച്ചത്തുരുത്ത് പരിശീലനപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു കലക്ടർ. വനവൽക്കരണത്തിന്റെ നൂതന ആശയമാണ് പച്ചത്തുരുത്ത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ പല കാരണങ്ങളാൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങൾ പച്ചത്തുരുത്തിനായി ഉപയോഗിക്കണം. ചെലവില്ലാതെ പ്രകൃതിക്കു കൊടുക്കാൻ കഴിയുന്ന വലിയ സംഭാവനയാണ് പച്ചത്തുരുത്ത്. എല്ലാ സംയോജിത സാദ്ധ്യതകളും ഉൾപ്പെടുത്തിയാണ് ഇതു നടപ്പിലാക്കേണ്ടതെന്നു കലക്ടർ പറഞ്ഞു.

നമ്മുടെ ഇടപെടൽ കൊണ്ടാണ് ആവാസ വ്യവസ്ഥയിലും ജൈവവൈവിധ്യ മേഖലയിലും പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്ന് ഉദ്ഘാടനം നിർവഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് പറഞ്ഞു. അന്തരീക്ഷവും പ്രകൃതിയും മലീമസമാക്കുന്നതു നാം തന്നെയാണെന്നും ഇവിടെയാണ് പച്ചത്തുരുത്തുകളുടെ അനിവാര്യതയെന്നും അവർ വ്യക്തമാക്കി.

മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അദ്ധ്യക്ഷയായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ജനകീയാസൂത്രണം ജില്ല കോർഡിനേറ്റർ വി.വി. സുധാകരൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേററർ പി.എസ്. ജയകുമാർ, കില ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ് സിംഗ് എന്നിവർ സംസാരിച്ചു. ജില്ലയിലെ തദ്ദേശസ്വംഭരണസ്ഥാപങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പു പദ്ധതിയിലെ എഞ്ചിനിയർമാർ, കൃഷി ഓഫീസർമാർ, പഞ്ചാത്തല ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്. പച്ചത്തുരുത്തുകൾ ഒരുക്കാൻ താൽപര്യം പ്രകടിപ്പിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്.

അട്ടപ്പാടി കില കേന്ദ്രത്തിൽ ആരംഭിച്ച റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിലേക്കു നടത്തുന്ന പരീക്ഷാ പരിശീലനപരിപാടി

റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ്: അട്ടപ്പാടി കില കേന്ദ്രത്തിൽ പരീക്ഷ പരിശീലനം

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് 2018-19 വർഷം വിവിധ തസ്തികകളിലേക്കു നടത്തുന്ന പരീക്ഷാ പരിശീലനപരിപാടി അട്ടപ്പാടി കില കേന്ദ്രത്തിൽ ആരംഭിച്ചു. കില, ഐ.ടി.ഡി.പി, ഐ.ആർ.ടി.സി എന്നിവർ സംയുക്തമായാണ് പരിശീലനപരിപാടി സംഘടിപ്പിച്ചത്.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽനിന്നു ആർ.ആർ.ബി. പരീക്ഷയ്ക്കു അപേക്ഷ നൽകിയ ഉദ്യോഗാർത്ഥികൾക്കു കണക്ക്, മെന്റൽ എബിലിറ്റി ആന്റ് റീസണിംഗ്, പൊതുവിജ്ഞാനം തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. അട്ടപ്പാടിയിലെ കുറഞ്ഞ യാതാസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി യാത്ര ചെയ്യുന്നതിനു പരിശീലനാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് താമസവും ഭക്ഷണസൗകര്യവും വിപുലമായ ലൈബ്രറി സംവിധാനവും കില ഏർപ്പെടുത്തി.

ലെക്ച്ചർ ക്ലാസ്സുകൾ, ചർച്ചകൾ, ക്വിസ്, ഗ്രൂപ്പ് വർക്കുകൾ തുടങ്ങിയവയിലൂടെയാണ് പരിശീലനം നൽകിയത്. ഓൺലൈൻ പരീക്ഷ എഴുതുന്നവർക്കു കമ്പ്യൂട്ടർ പരിശീലനവും നൽകി. ആർ.ആർ.ബി. പരീക്ഷവരെയാണ് പരിശീലനം.

പരിശീലനപരിപാടി മൂന്നു ബാച്ചുകളായിട്ടാണ് സംഘടിപ്പിച്ചിട്ടുള്ളത്. റെഗുലർ കോഴ്സിനു ആഴ്ചയിൽ ആറു ദിവസത്തെ പരിശീലനവും താൽക്കാലികമായി ജോലി ചെയ്യുന്നവർ, വിദ്യാർത്ഥികൾ എന്നിവർക്കു ഞായറാഴ്ച ദിവസങ്ങളിലുമാണ് പരിശീലനം നൽകുന്നത്. നൂറുപേർ മൂന്നു ബാച്ചുകളിലായി പരിശീലനം നേടി.

മലിനീകരണ നിയമലംഘനത്തിനെതിരെ ബോധവൽക്കരണം

സംസ്ഥാനത്ത് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുമ്പോഴും പൊതുസ്ഥലത്ത് മാലിന്യം തള്ളുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ശിക്ഷകളും സംബന്ധിച്ച് പൊജുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ക്യാമ്പയിൻ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഗവർമ്മെണ്ട് സെക്രട്ടറിയുടെ 14.6.2019 ലെ 234/ഡി.സി1/19/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരമാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയിട്ടുള്ളത്.

ചോദ്യങ്ങൾക്കു മറുപടി

? കെട്ടിടനിർമ്മാണത്തിനു പെർമിറ്റ് അനുവദിച്ച സ്ഥലത്തു തന്നെ പ്ലാൻ മാററി മറ്റൊരു പെർമിറ്റിനു അപേക്ഷ തന്നിരിക്കുന്നു. അതു അനുവദിക്കാമോ?

● ആദ്യം നൽകിയ പെർമിറ്റിന്റെ സാധുതാകാലയളവ് കഴിഞ്ഞിട്ടില്ലെങ്കിൽ ആ പെർമിറ്റ് സറണ്ടർ ചെയ്തശേഷം മാത്രം അതേ സ്ഥലത്ത് പുതിയ പെർമിറ്റ് അനുവദിക്കാം. അതായത് ഒരേ സ്ഥലത്ത് രണ്ടു പെർമിറ്റുകൾ ഉണ്ടാകാൻ പാടില്ല. (സർക്കുലർ നമ്പർ12900/ആർ.എ1/2015.തസ്വഭവ.2.12.2015)

? വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിനു ഏറ്റെടുക്കാമോ?

ഉ: വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഏറ്റെടുക്കാം. (സ.ഉ.(കൈ)11/2018 തസ്വഭവ. തീയതി. 29.01.2018 ഖണ്ഡിക6.5(7)

? ഹൈസ്കൂളിനോടു ചേർന്നു സ്ഥിതിചെയ്യുന്ന പ്രൈമറി സ്കൂളിന്റെ വികസനപദ്ധതി ഗ്രാമപഞ്ചായത്തിനു ഏറ്റെടുക്കാമോ?

● സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളിനോടു ചേർന്നുള്ള പ്രൈമറി സ്കൂളുകളിലെ പശ്ചാത്തല വികസന പദ്ധതികൾ ജില്ലാപഞ്ചായത്തിന്റെ അനുമതിയോടുകൂടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കു ഏറ്റെടുക്കാം.(ഖണ്ഡിക.7.8.9.സ.ഉ.(കൈ)11/2018 തസ്വഭവ29.1.2018)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയോഗിക്കാൻ പറയുന്നു. ആരെയാണ് ഇപ്രകാരം നിയോഗിക്കേണ്ടത്.

● ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു ഒരു വനിതയെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററായി നിയോഗിക്കാനാണ് പറഞ്ഞിട്ടുള്ളത്.എം.എസ് ഡബ്ല്യു യോഗ്യതയോ അതിനു തതുല്യമായ യോഗ്യതയോ വുമൺ സ്റ്റഡീസ്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമോ യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും ഇവർക്കു പ്രതിമാസം 15,000/- രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്കു ഖണ്ഡിക 7.4.2 (4)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) 22/2018 തസ്വഭവ. 14.2.2018 കാണുക.

? മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതു സംബന്ധിച്ച് പഞ്ചായത്ത് നിയമത്തിൽ പ്രത്യേക വ്യവസ്ഥകൾ ഉണ്ടോ?

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

● ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 എ മുതൽ 219 എക്സ് വരെയുള്ള നിയമങ്ങൾ മാലിന്യനിർമ്മാർജനം സംബന്ധിച്ച വ്യവസ്ഥകളാണ് പ്രതിപാദിച്ചിട്ടുള്ളത്.

? റവന്യു അധികാരികളിൽനിന്നു വാങ്ങുന്ന ജാതി സർട്ടിഫിക്കറ്റിന്റെ കാലയളവ് എത്രയാണ്? പത്തുവർഷം എന്നു പറയുന്നതു ശരിയാണോ?

● വില്ലേജ്-താലൂക്ക് ഓഫിസുകളിൽനിന്നു നൽകുന്ന ജാതിസർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്നു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ജാതിസർട്ടിഫിക്കറ്റിൽ പ്രത്യേക ആവശ്യത്തിനു മാത്രം എന്ന വ്യവസ്ഥ ചെയ്യാൻ പാടില്ല. പത്തുവർഷം കാലയളവ് എന്ന 2007 ലെ ഉത്തരവ് റദ്ദു ചെയ്തുകൊണ്ടാണ് മൂന്നുവർഷ കാലയളവ് എന്ന് നിജപ്പെടുത്തിയിട്ടുള്ളത്. (സ.ഉ.(കൈ)264/2017/ആർ.ഡി.4.8.2017)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്കു പ്രസവാവധി അനുവദിക്കാമോ?

● അനുവദിക്കാം. ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നേഴ്സുമാർക്കു, കരാർ ജീവനക്കാർക്കു നിയമാനുസൃതം നൽകാവുന്ന പ്രസവാവധി അനുവദിക്കാവുന്നതാണ്. (സ.ഉ.(സാധ) 3845/2017 തസ്വഭവ.29.11.2017)

? പ്രകൃതി ക്ഷോഭത്താലോ അപകടങ്ങളാലോ ധാരാളം ആളുകൾ മരണപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കാൻ പദ്ധതി വയ്ക്കാമോ?

● സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ളതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷൂറൻസ് പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷൂറൻസ് പദ്ധതി ഏറ്റെടുക്കണമെങ്കിൽ സർക്കാരിൽനിന്നു പ്രത്യേകം അനുമതി വാങ്ങിയിരിക്കേണ്ടതാണ്. (സ.ഉ.(കൈ)22/2018 തസ്വഭവ.14.2.18.ഖണ്ഡിക.8.12)

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച്
കില ക്യാമ്പസ്സിൽ ഫല വൃക്ഷതൈകൾ നടുന്നു

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൊട്ടാരക്കര
കില സി.എച്ച് ആർ.ഡിയിൽ നടന്ന വൃക്ഷതൈ നടീൽ

ജലരക്ഷ-ജീവരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജില്ലയിലെ ബ്ലൂ ആർമി വളണ്ടിയർമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ജില്ലാ കലക്ടർ ടി.വി.അനുപ ഉദ്ഘാടനം ചെയ്യുന്നു

ജലരക്ഷ–ജീവരക്ഷ: ബ്ലൂ ആർമി വളണ്ടിയർമാർക്കുപരിശീലനം തുടങ്ങി

ജലരക്ഷ-ജീവരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജില്ലയിലെ ബ്ലൂ ആർമി വളണ്ടിയർമാർക്കു കിലയിൽ മൂന്നു ബാച്ചുകളിലായി പരിശീലനം തടുങ്ങി. വിദ്യാർത്ഥികളുടെ പങ്കാളിത്തം ജലസംരക്ഷണ പ്രക്രിയയിൽ ഉറപ്പു വരുത്തുകയാണ് ബ്ലൂ ആർമി രൂപീകരണത്തിന്റെ ലക്ഷ്യം. കിലയും തൃശ്ശൂർ ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച പരിശീലനപരിപായിടിയിൽ ബ്ലൂ ആർമി വളണ്ടിയർമാർ, ബ്ലോക്ക് റിസോഴ്സ് പരിശീലകർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവരാണ് പങ്കെടുത്തത്.

ജില്ലാ കലക്ടർ ടി.വി. അനുപമ ഉദ്ഘാടനം ചെയ്തു. കില എക്സ്റ്റഷൻ ഫാക്കൽറ്റി എം. രേണുകുമാർ അദ്ധ്യക്ഷനായിരുന്നു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ ഉദയപ്രകാശ്, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.ജെ. ഡിക്സൺ, ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫിസർ ടി.ആർ. മായ, ജില്ല മണ്ണുസംരക്ഷണ ഓഫീസർ പി. ഡി.സിന്ധു എന്നിവർ സംസാരിച്ചു. നീർത്താടാധിഷ്ടിത വികസനത്തെക്കുറിച്ചും വിവിധ മണ്ണുജല സംരക്ഷണ മാർഗ്ഗളെക്കുറിച്ചും മണ്ണുസംരക്ഷണ ഓഫീസർ എം.അജിത് കുമാറും പരിസ്ഥിതി ഗാനങ്ങളെ പറ്റി രതീഷ് വാവന്നൂരും ജയൻ വാവന്നൂരും ക്ലാസ്സെടുത്തു. കില റിസോഴ്സ് പേഴ്സൺ വി.കെ.ശ്രീധരൻ, കൃഷി ഓഫീസർ എം.കെ.സ്മിത, പ്രിൻസ് ടി.കുര്യൻ എന്നിവർ നേതൃത്വം നൽകി. ഓരോ മാസവും ചെയ്യേണ്ട പ്രവർത്തന കലണ്ടർ പരിചയപ്പെടുത്തി. കിണർ റീ ചാർജിംഗ്, മഴക്കുഴികൾ, കിണർ വെള്ളം അണു നശീകരണം, ഔഷധസസ്യ-പച്ചക്കറി തോട്ടം തുടങ്ങിയവ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുന്നു. സമഗ്ര ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ സംയോജിത പ്രോജക്റ്റാണ് ജലരക്ഷ-ജീവരക്ഷ.

കില അഗളി കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫലവൃക്ഷതൈകൾ നടുന്നു

അഗളി കില കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനമാചരിച്ചു

കില അഗളി പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജൂൺ 5 നു ലോക പരിസ്ഥിതി ദിനമാചരിച്ചു. കില സ്റ്റാഫ് അംഗങ്ങൾ, വിവിധ കോളേജുകളിൽനിന്നുള്ള ഇന്റേൺസ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ പരിശീലനാർത്ഥികൾ, പരിശീലകർ തുടങ്ങിയവർ പങ്കെടുത്തു. ദിനാചരണത്തിൽ പങ്കെടുത്ത ഓരോരുത്തരും പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ എഴുതി ക്യാമ്പസിലെ മരത്തിൽ തൂക്കിയിടുകയും പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയെടുക്കുകയും ചെയ്തു. പരിസ്ഥിതി സന്ദേശങ്ങൾ, കവിതകൾ തുടങ്ങിയവ എഴുതി ചേർത്ത പോസ്റ്റർ പ്രദർശനവും നടത്തി. ഇതിനു പുറമെ ക്യാമ്പസിൽ ഫലവൃക്ഷതൈകൾ നടുകയും ചെയ്തു.

കേരളത്തിന്റെ വികസനകാര്യങ്ങളെക്കുറിച്ച് പഠിക്കാൻ കിലയിലെത്തിയ ഉത്തർപ്രദേശിൽനിന്നുള്ള നിയമസഭാംഗങ്ങളെ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സ്വാഗതം ചെയ്യുന്നു.

കേരളത്തിന്റെ വികസനം പഠിക്കാൻ ഉത്തർപ്രദേശ് എം.എൽ.എ മാർ കിലയിൽ

കേരളത്തിന്റെ വികസനകാര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഉത്തർപ്രദേശിൽനിന്നുള്ള നിയമസഭാംഗങ്ങളുടെ സംഘം കിലയിലെത്തി. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള നിയമസഭാസമതി ചെയർപേഴ്സൺ ഡോ. സംഗീത ബൽവന്തിയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ 18 എം.എൽ.എമാരുണ്ട്. കേരളത്തിലെ ജനകീയാസൂത്രണം, ബാലസൗഹൃദ തദ്ദേശഭരണം, കുട്ടികളുടേയും സ്ത്രീകളുടേയും വികസനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേ പങ്ക്, കുടുംബശ്രീ അയൽകൂട്ടങ്ങളുടെ പ്രവർത്തനം എന്നീ വിഷയങ്ങളെക്കുറിച്ച് ഇവർക്കു പരിശീലനം നൽകി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ എം.എൽ.എ മാരെ കിലയിലേക്കു സ്വാഗതം ചെയ്തു. ഡോ.ജെ.ബി. രാജൻ, ഡോ.പീറ്റർഎം.രാജ്, പ്രൊഫ.ടി.രാഘവൻ, പി.വി.രാമകൃഷ്ണൻ, യൂണിസെഫ് യു.പി.ഘടകത്തിന്റെ ചുമതയുള്ള പിയൂഷ് ആന്റണി എന്നിവർ വിവധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

പാറളം ഗ്രാമപഞ്ചായത്ത്, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്,എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. യു.പി. നിയമസഭാ സെക്രട്ടേറിയേറ്റിലേയും യൂണിസെഫ് യു.പി.ഘടകത്തലേയും ഉദ്യോഗസ്ഥരും എം.എൽ.എമാരെ അനുഗമിച്ചു.

കിലയിൽ പരിശീലനത്തിനെത്തിയ ലക്ഷദ്വീപ് ജില്ലാപഞ്ചായത്ത് അംഗങ്ങൾ

ലക്ഷദ്വീപിലെ ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കു കിലയിൽ പരിശീലനം

ലക്ഷദ്വീപിലെ ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ഒരാഴ്ചത്തെ പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, കോർഡിനേറ്റർ പ്രതാപ്സിംഗ്, എസ്.ആർ.ജി.മെമ്പർ ജി.കെ.സദനരാജൻ എന്നിവർ സംസാരിച്ചു. ലക്ഷദ്വീപ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കം കൗൺസിലർ ബി.ഹസ്സൻ മുഖ്യപ്രഭാഷണം നടത്തി. പൊതുഭരണം, സദ്ഭരണം, പ്രാദേശികാസൂത്രണം, അനുബന്ധസ്ഥാപനങ്ങൾ, ടോട്ടൽ ക്വാളിററി മാനേജ്മെന്റ്, ഗ്രാമസഭ എന്നിവയെക്കുറിച്ച് വീഡിയോ പ്രദർശനത്തിനു പുറമെ പ്രമുഖർ നേതൃത്വം നൽകിയ വിവിധ ക്ലാസ്സുകളുമുണ്ടായിരുന്നു. ഡോ.പീറ്റർ എം.രാജ്, ഡോ.കെ.എൻ.പി.അമൃത, വി.ജി.ശശിധരൻ, കെ.കെ.രവി, ജി.കെ.സദനരാജ് തുടങ്ങിയവർ പരിശീലനത്തിലെ വിവിധ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ആളൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, മൂന്നാർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. സ്ത്രീകളുൾപ്പെടെ 35 പേർ സംഘത്തിലുണ്ടായിരുന്നു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**